(സി) ഇല്ല.

(ഡി) അനുരഞ്ജനയോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്തതിനുശേഷം ഒരു ഒത്തുതീർപ്പിൽ എത്താനുള്ള സാദ്ധ്യതകൾ ഇല്ലെന്നു ബോദ്ധ്യമായതിനാൽ ഈ തൊഴിൽത്തർക്കം വ്യാവസായികകോടതിയുടെ തീരുമാനത്തിനു വിട്ടുകൊടുത്തു.

പോലീസ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയുള്ള വാഹനങ്ങൾ.

*752. [44] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പോലീസ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി;

(ബി) ഈ സംസ്ഥാനത്തെ എല്ലാ സർക്കിൾ ഇൻസ്പെക്ടറുടേയും ഓരോ ജീപ്പ് കൊടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ എടുക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഈ സാമ്പത്തികവർഷത്തിൽ വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല.

(ബി) ഇല്ല.

(സി) നടപടികൾ എടുക്കുന്നുണ്ട്.

കൊച്ചി ഹാർബർ.

*753. [45] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കത്തു ബണ്ടു് പണിയുന്നതുകൊണ്ടു് കൊച്ചി ഹാർബറിനു ദോഷമുണ്ടാകും എന്നു പറയുന്നതിനെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായം എന്താണു്;

(ബി) ഒന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തിയിരുന്ന പ്രസ്തുത പണി തുടങ്ങാതിരിക്കുന്നതിനു് ഇതല്ലാതെ മറ്റു് എന്തെങ്കിലും കാരണമുണ്ടോ;

(സി) പ്രസ്തുത പണി സംബന്ധിച്ചു് അവസാന തീരുമാനം കൈക്കൊള്ളുന്നതിനു് ഗവണ്മെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തണ്ണീർമുക്കം ബണ്ടു് ഇപ്പോഴത്തെ പ്ലാൻ അനുസരിച്ചു് കെട്ടുകയാണെങ്കിൽ കൊച്ചു് തുറമുഖത്തിനു് ദോഷമുണ്ടാകാൻ ഇടയുണ്ടെന്നും, ഈ കാര്യത്തിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തിയതിനുശേഷമെ ഖണ്ഡിതമായി ഒരു തീരുമാനം എടുക്കാവൂ എന്നുമാണു് വിദഗ്ദ്ധാഭിപ്രായം.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ചു് ഒരു വിദഗ്ദ്ധക്കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റിയുടെ അഭിപ്രായം അനുസരിച്ചു് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly